പതിനാലാം കേരള നിയമസഭ
ഒന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.17 | 28.06.2016 ൽ മറുപടി നല്കേണ്ടത്. |
|---|---|

**മായം ചേർക്കലും ഭക്ഷ്യവിഭവങ്ങളിലെ വിഷാംശവും**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ഡോ.എം. കെ. മുനീർ**<br>**ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**,, പി.കെ.ബഷീർ**<br>**,, പാറക്കൽ അബ്ദുള്ള** | | ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | അന്യസംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടു വരുന്ന ഭക്ഷ്യവിഭവങ്ങളിലെ മായവും, വിഷാംശവും കണ്ടുപിടിക്കാൻ എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; | എ) | അന്യസംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടു വരുന്ന ഭക്ഷ്യവിഭവങ്ങളിലെ മായവും, വിഷാംശവും കണ്ടുപിടിക്കാൻ സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിൽ 4 ലബോറട്ടറികൾ പ്രവർത്തിച്ചുവരുന്നു.<br>1. ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറി, തിരുവനന്തപുരം<br>2. റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറി, കാക്കനാട് , എറണാകുളം<br>3. റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറി, കോഴിക്കോട്.<br>4. ഡിസ്ട്രിക്ട് ഫുഡ് ലബോറട്ടറി, പത്തനംതിട്ട<br>അതിൽ തിരുവനന്തപുരത്തും, എറണാകുളത്തും കോഴിക്കോട്ടുമുള്ള ലാബുകളിൽ ഭക്ഷ്യപദാർത്ഥങ്ങളിലെ മായം കണ്ടുപിടിക്കുന്നതിനുള്ള ആധുനിക ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഈ ഉപകരണങ്ങൾ ഉപയോഗിച്ച് ഭക്ഷ്യവിഭവങ്ങളിലെ മായവും, വിഷാംശവും കണ്ടുപിടിച്ചുവരുന്നു. ഇപ്പോൾ പച്ചക്കറികളിലെയും പഴങ്ങളിലേയും കീടനാശിനികളുടെ സാന്നിദ്ധ്യം കണ്ടുപിടിക്കുന്നതിനുവേണ്ടി തിരുവനന്തപുരം, എറണാകുളം ലാബുകളിൽ ഗ്യാസ് ക്രൊമാറ്റോ ഗ്രാഫ്, മാസ് സ്പെക്ട്രോ ഫോട്ടോമീറ്റർ എന്ന ഉപകരണം സ്ഥാപിച്ചിട്ടുണ്ട്. ഇതുപയോഗിച്ച് 2 മാസത്തിനകം കീടനാശിനിയുടെ പരിശോധനകൾ ആരംഭിക്കുന്നതാണ്.ഇതുകൂടാതെ തിരുവനന്തപുരം, വെള്ളായണി |

| | | | |
|---|---|---|---|
| | | | കാർഷിക കോളേജിലും കീടനാശിനിയുടെ സാന്നിധ്യം സംബന്ധിച്ച പരിശോധനകൾ അടിയന്തിര ഘട്ടത്തിൽ നടത്താറുണ്ട്.ഇതുമായി ബന്ധപ്പെട്ട് അന്യ സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേക്ക് എത്തിച്ചേരുന്ന പച്ചക്കറികളുടെയും പഴവർഗ്ഗങ്ങളുടെയും സാമ്പിളുകൾ ചെക്ക്പോസ്റ്റുകളിൽ നിന്ന് തന്നെ ശേഖരിച്ച് ആവശ്യമായ പരിശോധനയ്ക്ക് വിധേയമാക്കുന്നതിന് വേണ്ടി രണ്ട് മൊബൈൽ ലബോറട്ടറികൾ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിൽ സംസ്ഥാനത്ത് സജ്ജമാക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ത്വരിതഗതിയിൽ നടന്നുവരുന്നു. |
| ബി) | ഇതിനായി ചെക്ക്പോസ്റ്റുകളിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന് നടപടി സ്വീകരിക്കുമോ; | ബി) | സംസ്ഥാനത്തെ വിവിധ ചെക്കുപോസ്റ്റുകളിൽ ഇതുസംബന്ധിച്ച പരിശോധനകൾക്ക് വേണ്ടി ഭക്ഷ്യസുരക്ഷാവകുപ്പ് നിശ്ചിത കാലയളവുകളിൽ സ്ക്വാഡുകളെ നിയോഗിച്ച് സാമ്പിളുകൾ ശേഖരിക്കുകയും അവ ലബോറട്ടറികളിൽ പരിശോധനകൾക്ക് വിധേയമാക്കുകയും കുറ്റക്കാർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. കൂടാതെ ഇത്തരം പരിശോധനകൾ കാര്യക്ഷമമാക്കുന്നതിനുവേണ്ടി സംസ്ഥാനത്ത് നിലവിലുള്ള ലബോറട്ടറികൾ കൂടാതെ രണ്ട് മൊബൈൽ ലബോറട്ടറി യൂണിറ്റുകൾ സജ്ജമാക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ത്വരിതഗതിയിൽ നടന്നുകൊണ്ടിരിക്കുന്നു. വാണിജ്യ നികുതി വകുപ്പുമായി ചേർന്ന് വാളയാർ ചെക്ക്പോസ്റ്റിൽ സ്ഥിരമായി പരിശോധന നടത്താനുള്ള സംവിധാനം സംബന്ധിച്ച ചർച്ച അവസാനഘട്ടത്തിലാണ്. |
| സി) | അന്യസംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടു വന്ന വിഷാംശമുള്ള ഭക്ഷ്യ വസ്തുക്കൾ നിലവിലെ സുരക്ഷാ സംവിധാനമുപയോഗിച്ച് കഴിഞ്ഞ രണ്ടുമാസങ്ങൾക്കിടെ പിടിച്ചെടുത്ത് രജിസ്റ്റർ ചെയ്ത കേസുകളുടെ വിശദ വിവരം നൽകാമോ? | സി) | അന്യസംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടു വന്ന് സംസ്ഥാനത്ത് വിപണനം ചെയ്തിട്ടുള്ള ഭക്ഷ്യവസ്തുക്കൾ പരിശോധനയ്ക്ക് വിധേയമാക്കിയതിൽ സംസ്ഥാനത്ത് വിവിധ ജില്ലകളിലായി ഒരു കേസ് രജിസ്ററർ ചെയ്യുകയും 4 കേസ്സുകൾ ഫയൽ ചെയ്യാനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |

| ക്രമ നമ്പർ | ജില്ല | ഭക്ഷ്യ പദാർത്ഥം | റിമാർക്ക്സ് |
|---|---|---|---|
| 1 | കോഴിക്കോട് | വനസ്പതി | കേസ്സ് ഫയൽ ചെയ്തിട്ടുണ്ട്. |
| | | മയോണൈസ് | കേസ്സ് ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |
| | | റൈസ് ബ്രാൻ ഓയിൽ | |
| 2 | മലപ്പുറം | മാങ്ങ | മാങ്ങ നശിപ്പിക്കുകയും, 1 ലക്ഷം രൂപ പിഴ ചുമത്തുകയുംചെയ്തിട്ടുണ്ട് |
| 3 | എറണാകുളം | അറേബ്യൻ ഡേയ്റ്റ്സ് | കേസ്സ് ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |
| 4 | തൃശ്ശൂർ | സൺ ഫ്ളവർ ഓയിൽ | അഡ്ജ്യൂഡിക്കേഷനു വേണ്ട നടപടികൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ